# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 4 | PUBLISHED FROM DELHI | PRICE Rs. 3/- | APRIL 2011


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ വാർഷികവും സംയുക്താരാധനയും

**ഡൽഹി:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ 21-ാം വാർഷികത്തോടനുബന്ധിച്ച് ഡൽഹി ഫെയ്ത്ത് ഫെലോഷിപ്പ് സഭകളുടെ സംയുക്താരാധന 2011 മാർച്ച് 13ന് കിങ്ങ്സ്വേ ക്യാമ്പ് ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടന്നു. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽ കുട്ടി അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ കേരളാ റീജൻ മാഞ്ഞാലി സഭാശുശ്രൂഷകൻ പാസ്റ്റർ വി.എം. ഏബ്രഹാം മുഖ്യ സന്ദേശം നൽകി.

പാസ്റ്റർ ടി.ഡി. സുധാകരൻ 126-ാം സങ്കീർത്തനം വായിച്ച് പ്രബോധിപ്പിച്ചു. ആത്മീയ പ്രവാസത്തിൽ നിന്നുമുള്ള മടക്കയാത്ര എപ്പോഴും സ്വപ്നതുല്യമാണെന്ന് പാസ്റ്റർ ടി.ഡി. സുധാകരൻ പറഞ്ഞു. ഇന്ത്യൻ ക്രിസ്ത്യൻ മിഷനെ ഒരു സ്വപ്നമായി നെഞ്ചിലേറ്റിയതിനാലാണ് ദൈവം ഇത്രത്തോളം വളർത്തുമാറാക്കിയതെന്ന് പാസ്റ്റർ എം സാമുവൽ കുട്ടി അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. സ്വപ്നസമാനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ ഐസിഎമ്മിന് കഴിഞ്ഞു. ഈടുറ്റ വിദ്യാഭ്യാസം ഒരു സ്വപ്നമായിരുന്ന ബീഹാറിലെ ഗ്രാമീണ വിദ്യാർത്ഥികൾക്ക് അത് യാഥാർത്ഥ്യമാക്കി നൽകുക വഴി ഒരു ശോഭനമായ ഭാവി സ്വപ്നം കാണുവാൻ അവരെ പ്രാപ്തരാക്കി. തൊഴിൽ പരിശീലനത്തിലൂടെ സ്ഥിരവരുമാനം എന്ന സ്വപ്നം, ഭവനം നിർമ്മിച്ചു നൽകുക വഴി സുരക്ഷിതമായ സ്വന്തം വീട് എന്ന സ്വപ്നം... ഇങ്ങനെ ചില സ്വപ്നങ്ങളെങ്കിലും കുറച്ചുപേർക്കായി സാക്ഷാത്ക്കരിച്ചതിൽ ഐസിഎമ്മിന് ചാരിതാർത്ഥ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ബീഹാറിലെ സന്തുവാർ ഗ്രാമത്തിൽ കഴിഞ്ഞ ഫെബ്രുവരിയിൽ ആരംഭിച്ച ഐ.സി.എം അക്കാദമിയാണ് വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും പുതിയ പദ്ധതിയെന്ന് അദ്ദേഹം അറിയിച്ചു. സഭാവിശ്വാസികൾ ആത്മാവിൽ ശുഭമായി സത്യത്തിൽ നടക്കുന്നവരാണെന്ന സാക്ഷ്യം കേൾപ്പിക്കണമെന്ന് പാസ്റ്റർ എം. സാമുവൽകുട്ടി ആഹ്വാനം ചെയ്തു. ദുർവാക്ക് പറയാത്തവരായി തിന്മ അനുകരിക്കാത്തവരായി നന്മ ചെയ്ത് മുന്നേറണമെന്ന് അദ്ദേഹം ഓർപ്പിച്ചു. അങ്ങനെയെങ്കിൽ ചെറിയ കൂട്ടമായാൽപ്പോലും ഭയപ്പെടേണ്ടതി

(ശേഷം രണ്ടാം പേജിൽ)

പാസ്റ്റർ വി.എം. ഏബ്രഹാം പ്രസംഗിക്കുന്നു. പാസ്റ്റർമാരായ എം. സാമുവൽകുട്ടി, ടി.ഡി. സുധാകരൻ എന്നിവർ സമീപം

## ഹാർവെസ്റ്റ് മിഷൻ കോളജിന്റെ 9-ാമത് ബിരുദദാനം നടന്നു

**നോയിഡ:** ഉത്തര ഭാരതത്തിലെ പ്രേക്ഷിത പ്രവർത്തനത്തിനായ് സുവിശേഷകരെ വാർത്തെടുക്കുന്നതിൽ തനതായ മുഖമുദ്ര പതിപ്പിച്ച നോയിഡ ഹാർവെസ്റ്റ് മിഷൻ കോളജിന്റെ 9-ാമത് ബിരുദ ദാന ശുശ്രൂഷ 2011 മാർച്ച് 20-ാം തീയതി സെക്ടർ 12-ൽ ഉള്ള കമ്മ്യൂണിറ്റി സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബിരുദദാന ശുശ്രൂഷയിൽ എച്ച്.എം.സി. പ്രിൻസിപ്പൽ റവ. ബിജു ജോൺ അദ്ധ്യക്ഷനായിരുന്നു. ദൈവവചന പഠന പൂർത്തീകരണം നിസ്സാരമായ ഒന്നല്ലെന്നും വിവിധ വൈതരണികളെ തരണം ചെയ്തു മാത്രമേ അവ പൂർത്തീകരിക്കാനാവു എന്നും, അപ്രകാരം വിജയകരമായി പഠനം പൂർത്തീകരിച്ച ഇവർ അഭിനന്ദനം അർഹിക്കുന്നു എന്നും റവ. ബിജു ജോൺ തന്റെ ആമുഖ പ്രസംഗത്തിൽ ഓർപ്പിച്ചു.

എച്ച്.എം.സി. ഡയറക്ടർ റവ. ബാബു ജോൺ, ദൈവം തനിക്ക് നൽകിയ ദർശനത്തേയും അതിന്റെ സാക്ഷാത്ക്കാരം എന്നോണം കഴിഞ്ഞ ഒരു ദശാബ്ദമായി സുവിശേഷ രണാങ്കണത്തിൽ പട പൊരുതുവാനായി ഒരു കൂട്ടം ക്രിസ്തു ഭടന്മാരെ പാകപ്പെ

(ശേഷം മൂന്നാം പേജിൽ)

ബിരുദധാരികൾ അതിഥികളോടോപ്പം

## ചില ഏപ്രിൽ മാസ ചിന്തകൾ

*പ്രത്യേക ലേഖകൻ*

ഏപ്രിൽ എന്തുകൊണ്ടും പ്രധാനപ്പെട്ട ഒരു മാസമാണ്. നടപ്പു സാമ്പത്തിക വർഷം തുടങ്ങുന്നത് ഏപ്രിലിൽ ആണ്. ഏപ്രിൽ ഒന്ന് ലോക വിഡ്ഢി ദിനമായി കണക്കാക്കപ്പെടുന്നു. ആദ്യം റോമൻ കലണ്ടറിലെ രണ്ടാമത്തെ മാസമായിരുന്നു ഏപ്രിൽ. ഓസ്റ്റർ (Eoster) ദേവതയുടെ പേരിൽ നിന്നാണ് ഏപ്രിൽ എന്ന പേര് ഉത്ഭവിച്ചതെന്ന് അനുമാനിക്കുന്നുണ്ട്. മറ്റൊരു അനുമാനം ഏപ്രിലിസ് (Aprillis) എന്ന വാക്കിൽ നിന്നാണ് ഏപ്രിൽ എന്ന പദം ഉരുവായതെന്നാണ്. തുറക്കുക എന്നർത്ഥമാണ് ഈ വാക്കിന്. വസന്തകാലത്തിന്റെ ആരംഭത്തിൽ സസ്യലതാദികൾ പുഷ്കലമാകുന്നതുകൊണ്ടാണ് ഇങ്ങനെ വിവക്ഷിക്കുന്നത്. പ്രസിദ്ധ ആംഗലേയ കവി ടി.എസ്. ഏലിയാട്ട് (1888-1965) അദ്ദേഹത്തിന്റെ ഏറെ ചർച്ച ചെയ്യപ്പെട്ട 1922ൽ പ്രസിദ്ധീകരിച്ച ദ് വേസ്റ്റ് ലാൻഡ് (The Waste Land) എന്ന കവിതയിൽ തുടങ്ങുന്നത് ഏപ്രിൽ ഏറ്റവും ക്രൂരമായ മാസമാണെന്ന് പ്രഖ്യാപിച്ചുകൊണ്ടാണ്. ഇളം നീല ലോഹിത നിറമുള്ള പൂവോടുകൂടിയ കുറ്റിച്ചെടികൾ നിർജീവമായ മണ്ണിൽ നിന്ന് മുളപ്പിക്കുന്ന ഓർമയും തൃഷ്ണയും തമ്മിൽ കൂട്ടിക്കലർത്തുന്ന, ശുഷ്ക്കമായ വേരുകളെ വസന്ത മാരികൊണ്ട് ഇളക്കുന്ന മാസമാണ് ഏപ്രിൽ എന്ന് ഏലിയട്ട് പറയുന്നു. സുഖകരമായ ഒരു വസന്തമാസത്തിന്റെ വാഗ്ദാനം നൽകി മോഹിപ്പിച്ചതിന് ശേഷം ഇച്ഛാഭംഗപ്പെടുത്തുന്ന മാസമായിട്ടായിരിക്കാം കവി ഏപ്രിലിനെ കണ്ടത്.

ഈ ലേഖനം എഴുതിക്കോണ്ടിരിക്കുമ്പോൾ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയും ശ്രീലങ്കയും കിരീടത്തിനായി പോരാടുകയാണ്. ഇന്ത്യ കളിച്ച

ദിവസങ്ങളിൽ പൊതുവേ കമ്പോളങ്ങളും വഴികളും ഏതാണ്ട് ശൂന്യമായിരുന്നു. വിശേഷിച്ച് പ്രമുഖ എതിരാളികളായ അയൽ രാജ്യത്തോട് കളിച്ച ദിവസം. മിക്ക ഓഫീസുകൾക്കും അന്ന് ഉച്ചയ്ക്കു ശേഷം അവധിയായിരുന്നു. ക്രിക്കറ്റിന് ഒരു രാജ്യത്തെ നിശ്ചലമാക്കാനുള്ള ശേഷിയുണ്ട്. രാജ്യത്തിന്റെ ഉത്പാദനക്ഷമതയെ വളരെ പ്രതികൂലമായി ബാധിക്കാവുന്ന ഒന്നാണ് ക്രിക്കറ്റ് കളി.

ഏപ്രിലിൽ ആണ് കേരളം ഉൾപ്പെടെ ആറ് സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഭരണം നടക്കുന്ന മുന്നണിയിലും പ്രതിപക്ഷത്തുംപെട്ട നേതാക്കളുടേയും സ്ഥാനാർത്ഥികളുടേയും വാഗ്ദാനങ്ങൾ വെറും കടലാസിൽ അവശേഷിക്കുമോ? വിഡ്ഢി ദിനത്തെ വിഡ്ഢി മാസമാക്കിക്കൊണ്ട് അവയെല്ലാം വെറും വാഗ്ദാനങ്ങളായി അവശേഷിക്കുമോ?. ആരോപണങ്ങൾക്കും പ്രത്യാരോപണങ്ങൾക്കും യാതൊരു പഞ്ഞവുമില്ല. അതിനിടെ, തങ്ങൾക്ക് വലതു ജനാധിപത്യ മുന്നണി ഒരു സീറ്റ് മാത്രം നൽകി അവഗണിച്ചെന്നും, എന്നാൽ, ഇടതു ജനാധിപത്യ മുന്നണി നാലു സീറ്റു നൽകി മാനിച്ചെന്നും അതുകൊണ്ട് അവർക്ക് വോട്ട് നൽകാൻ സഭാംഗങ്ങളോട് നിർദ്ദേശിക്കുമെന്നും പറഞ്ഞ് ഉള്ള ഓർത്തഡോക്സ് സഭയുടെ പ്രസ്താവന വിവാദമായിരിക്കുകയാണ്. തെരഞ്ഞെടുപ്പു സർവേകളിൽ മുൻതൂക്കം യുഡിഎഫിനാണെങ്കിലും അച്ചുതാനന്ദൻ പ്രതിഭാസം അതിനെ ഇല്ലാതാക്കി എൽഡിഎഫിനെ അധികാരത്തിൽ നിലനിർത്തി ചരിത്രം തിരുത്തികുറിക്കുമോ എന്നറിയാൻ മെയ് 13 വരെ കാക്കണം.

ഈ സാമ്പത്തിക വർഷം എങ്ങനെ മെച്ചമാക്കാംഎന്ന ചിന്തയായിരിക്കും സ്ഥാപനങ്ങളും വ്യക്തികളും. ക്രൈസ്തവ സ്ഥാപനങ്ങളും വിശ്വാസികളും അവരുടെ സാമ്പത്തിക ഇടപാടുകൾ എങ്ങനെയായിരിക്കും നിർവഹിക്കുക എന്നത് ക്രൈസ്തവ സാക്ഷ്യത്തിന്റെ ഒരു പ്രധാന ഘടകമായിരിക്കും. ഭൗതിക സമൃദ്ധിയുടെ ദൈവശാസ്ത്രത്തിൽ അധിഷ്ഠിതമായ പ്രഭാഷണങ്ങൾ അരങ്ങ് തകർക്കുന്ന ഈ നാളുകളിൽ നമ്മുടെ വ്യവഹാരങ്ങൾ എല്ലാം തന്നെ ധനസമ്പാദനം ലക്ഷ്യമാക്കിയുള്ളവയാണോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. നമ്മുടെ സുഭിക്ഷതയിൽ നിന്നും നാം ഇല്ലാത്തവർക്കും കൂടി നൽകി പൗലൊസ് അപ്പൊസ്തലൻ പറയുംപ്രകാരം അവരുടെ ദുർഭിക്ഷതയെ അകറ്റി സമൂഹത്തിൽ സമത്വം ഉണ്ടാകുവാൻ ഉത്സാഹിക്കണം. ഒന്നിനെപ്പറ്റിയും അമിതമായി ആകുലപ്പെടാതെ അന്നന്നത്തേയ്ക്കായുള്ളവക ദൈവത്തിൽ നിന്നും ചോദിച്ചു വാങ്ങി സംതൃപ്തി അടയണം. നമ്മുടെ കൈയിൽ വരുന്ന പണംകൊണ്ട് ദൈവരാജ്യവ്യാപനത്തിനും നാം കൈത്താങ്ങ് കൊടുക്കേണം. അതുപോലെ തന്നെ, യാതൊരു കള്ളത്തരവും ധനസമ്പാദനത്തിനായി കാണിക്കരുത്. നികുതികൃത്യമായി കൊടുക്കണം. എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്ത വണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും (ഫിലിപ്പിയർ 4:19) എന്നതിൽ അടിസ്ഥാനപ്പെട്ടതായിരിക്കണം ക്രിസ്ത്യാനിയുടെ സാമ്പത്തിക ശാസ്ത്രം.

വടക്കേന്ത്യയിലും മറ്റും പുതിയ അധ്യയന വർഷം ആരംഭിക്കുന്നത് ഏപ്രിൽ ആണ്. നമ്മുടെ കുഞ്ഞുങ്ങളെ പഠനവിഷയത്തിൽ മാത്രം മിടുക്കരാക്കിയാൽ പോര, സമസൃഷ്ടങ്ങളോട് സഹാനുഭൂതിയും കരുണയുമുള്ള നല്ല മനുഷ്യരായി അവർ മാറണം. ആത്മിക കാര്യങ്ങൾക്കും മുൻഗണന കൊടുക്കുവാൻ അവരെ ശീലിപ്പിക്കണം. ഈ ലോകത്തിലേയും ദൈവരാജ്യത്തിലേയും ഉത്തമ പൗരന്മാർ ആയി അവർ വിളങ്ങേണം.

പത്രാധിപ ലേഖനം.....

# ഒരു സ്വപ്നത്തെ പുൽകി...

ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രവർത്തനങ്ങൾ 21 വർഷങ്ങൾ പിന്നിട്ടിരിക്കുകയാണ്. ഇത്രത്തോളം മിഷൻ പ്രവർത്തനങ്ങൾ തുടരാനായത് ദൈവിക മാർഗ്ഗനിർദ്ദേശപ്രകാരം ഓരോ ചുവടും വച്ചതുകൊണ്ടാണ്. ഐസിഎമ്മിന്റെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്ന, വിവിധ നിലകളിൽ സഹകരിക്കുന്ന എല്ലാ ദൈവമക്കൾക്കും ഹൃദയത്തിന്റെ ഭാഷയിൽ ഞാൻ നന്ദി ചൊല്ലുന്നു. വരും വർഷങ്ങളിൽ കൂടുതൽ സമർപ്പിതരായി ദൈവിക വേല ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

മനുഷ്യർ സ്വപ്നം കാണുന്നവരാണ്. സ്വപ്നം എന്ന വാക്കിന് വിവിധ അർത്ഥങ്ങളുണ്ട്. സാധാരണ നിദ്രയിൽ കാണുന്നവയാണ് സ്വപ്നങ്ങൾ. ഇതിൽ നല്ല സ്വപ്നങ്ങളും ദുസ്വപ്നങ്ങളും ഉണ്ട്. മനസ്സിലുള്ള കാര്യങ്ങളെലക്കുറിച്ച് ബന്ധപ്പെട്ടായിരിക്കും പല സ്വപ്നങ്ങളും. എന്നാൽ, നിനയ്ക്കാത്ത, ചിന്തിക്കാത്ത പലതും സ്വപ്നങ്ങളായി കടന്നുവരാം. ഉറക്കത്തിന്റെ ചില ഘട്ടങ്ങളിൽ മനസിൽ ഇച്ഛാപൂർവ്വമല്ലാതെ ഉണ്ടാകുന്ന ദൃശ്യങ്ങളുടേയും ആശയങ്ങളുടേയും വികാരങ്ങളുടേയും സംഭ്രമങ്ങളുടേയും തുടർച്ചകൾ എന്നിങ്ങനെ സ്വപ്നത്തെ നിർവ്വചിച്ചിരിക്കുന്നു. ആധുനിക മന:ശാസ്ത്രത്തിന്റെ പിതാവ് എന്ന് കരുതപ്പെടുന്ന സിഗ്മണ്ട് ഫ്രോയ്ഡ് (1856-1939) *ഇന്റർപ്രിറ്റേഷൻ ഓഫ് ഡ്രീംസ്* (1900) എന്ന വിഖ്യാതമായ ഗ്രന്ഥത്തിൽ സ്വപ്നങ്ങളെക്കുറിച്ച് പല സിദ്ധാന്തങ്ങളും മുന്നോട്ട് വച്ചിട്ടുണ്ട്. അതുപോലെ തന്നെ ഹൃദയത്തിലെ ആഗ്രഹത്തെ മനസിലെ ഒരു ദൃശ്യമെന്നപോലെ കാണുന്നതിനും സ്വപ്നം എന്നു പറയും. ജീവിതാഭിലാഷത്തെ സ്വപ്നം എന്നു പറയാം. വലിയ വലിയ സ്വപ്നങ്ങൾ കണ്ട് അവയ്ക്കായി പ്രയത്നിച്ച് യാഥാർത്ഥ്യങ്ങളാക്കിയ പല കഥകളും നാം കേട്ടിട്ടുണ്ട്. ദരിദ്രന്മാർ സ്വപ്നം കണ്ട് ധനവാന്മാരായ കഥകൾ, മഹാന്മാരും മഹതികളും ആയ കലാകാരന്മാരുടേയും കലാകാരികളുടേയും കഥകൾ, ഇത്തരം 'മിഷൻ സ്റ്റേറ്റ്മെന്റുകൾ' എന്നും രാവിലെ ബാഷ വായിച്ച് ആത്മവിശ്വാസം വർദ്ധിപ്പിച്ചിരുന്നു.

പ്രേരക ദായക (Motivational) പുസ്തകങ്ങൾ വായിച്ച് ജീവിതത്തിൽ വിജയം സുനിശ്ചിതമാണെന്നു കരുതുന്നവർ പലരുമുണ്ട്. ഇന്ന് വിപണിയിൽ ഇത്തരം പുസ്തകങ്ങളുടെ തള്ളിക്കയറ്റമാണ്. പ്രേരക ദായക എഴുത്തുകാർക്കും പ്രസംഗകർക്കും ഇപ്പോൾ വമ്പിച്ച ഡിമാൻഡ് ആണ്. ഇതിന്റെ ഏറ്റവും വലിയ കുഴപ്പം യാഥാർത്ഥ്യബോധമില്ലാത്ത സ്വപ്നം കാണലാണ്. ഭൗതിക വിജയവും ആത്മിക മുന്നേറ്റവും ഭൗതിക ദർശനവും ആത്മിക ദർശനവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്ന പ്രവണതയും വളരെ അപകടകരമാണ്. മനുഷ്യൻ നിനച്ചാൽ എല്ലാം നടക്കും എന്ന തെറ്റായ സന്ദേശമാണ് ഇത് പകരുന്നത്. മനുഷ്യൻ എത്രകണ്ട് കൊതിച്ചാലും ദൈവം വിധിച്ചത് മാത്രമേ നടക്കൂ എന്ന പരമമായ സത്യം മനുഷ്യർ മനസിലാക്കണം. "മനുഷ്യന്റെ ഹൃദയത്തിൽ പല വിചാരങ്ങളും ഉണ്ട്; യഹോവയുടെ ആലോചനയോ നിവൃത്തിയാകും-Many are the plans in a man's heart, but it is the Lord's purpose that prevails" (സദൃശ്യവാക്യങ്ങൾ 19:21) എന്ന വാക്യം ഇത്തരുണത്തിൽ സ്മരണീയമത്രെ.

നമ്മുടെ ആത്മീയ ശുശ്രൂഷകളും ഇന്ന് ഭൗതിക സമൃദ്ധിയ്ക്ക് ഊന്നൽ നൽകി അതിനെ ആത്മീയ അനുഗ്രഹങ്ങളുടെ പ്രകടമായ തെളിവായി ഉദ്ധരിക്കുന്നു. മുന്തിയ വാചകങ്ങളുടെ പടം ഭിത്തിയിൽ ഒട്ടിച്ച് എനിക്ക് ഇത് തന്നെ ദൈവത്തിൽ നിന്നും ലഭിക്കും എന്ന് വിശ്വസിച്ച് പറഞ്ഞുകൊണ്ടിരിക്കുക തുടങ്ങിയ നിർദ്ദേശങ്ങളാണ് സമൃദ്ധിയുടെ അപ്പൊസ്തലന്മാർ ജനങ്ങൾക്ക് നൽകുന്നത്. ആത്മീയദൂത് അറിയിക്കാൻ കടന്നു വരുന്നവരുടെ കഥകൾ, രാഷ്ട്രീയ സാമൂഹിക രംഗത്ത് തലപ്പത്ത് എത്തിയവരുടെ കഥകൾ. വലിയ ശാസ്ത്രജ്ഞരുടെ കഥകൾ, വിവിധ മേഖലകളിൽ വിജയിച്ചവരുടെ കഥകൾ.

വലിയ സ്വപ്നങ്ങൾ എല്ലാവരും കാണുകയില്ലെങ്കിലും ചെറിയ ഒരുപിടി സ്വപ്നങ്ങൾ എല്ലാ മനുഷ്യർക്കും ഉണ്ടാകും. ജീവിത ഭദ്രതയോട് ബന്ധപ്പെട്ടവയായിരിക്കും സാധാരണ ഇവ. പാർക്കാൻ നല്ല ഭവനം, സഞ്ചരിക്കാൻ വാഹനം, മാന്യമായ തൊഴിൽ-വരുമാനം, നല്ലൊരു കുടുംബം എന്നിങ്ങനെ പോകും ഒരു ശരാശരി പുരുഷന്റെ അല്ലെങ്കിൽ സ്ത്രീയുടെ സ്വപ്നം. ചെറുതും വലുതുമായ സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ട് അല്ലെങ്കിൽ തെറ്റായ മാർഗ്ഗങ്ങൾ അവലംബിച്ച് കുഴപ്പത്തിലായ അനേകരുടെ അനുഭവങ്ങളും ദൃഷ്ടാന്തങ്ങളായുണ്ട്. 2ജി സെപ്ക്ട്രം അഴിമതി കേസിൽ ശിക്ഷിക്കപ്പെട്ട മുൻ ടെലികോം മന്ത്രി എ. രാജയുടെ സഹായി സാദിക് ബാഷയുടെ ആത്മഹത്യ ഇത്തരമൊന്നാണ്. ഒരുകാലത്ത് സൈക്കിളിൽ സാരിയും മറ്റും വിറ്റ് നടന്നിരുന്ന ബാഷ രാജയുമായി അടുപ്പത്തിൽ ആയതിൽ പിന്നെ വേഗത്തിൽ സമ്പന്നനാകുകയായിരുന്നു. ബാഷയുടെ വീട്ടിലെ സ്വന്തം മുറിയിൽ ഭിത്തിയിലും മുഖം നോക്കുന്ന കണ്ണാടിയിലും എ-4 സൈസ് പ്രിന്റ് ഔട്ടുകളിൽ തമിഴ് അക്ഷരങ്ങളിലുള്ള പ്രേരകദായക (Motivational) സന്ദേശങ്ങളായിരുന്നു പതിപ്പിച്ചിരുന്നത്. അതിലൊന്ന് "ഞാൻ ഭൂമിയിലെ ഏറ്റവും വലിയ ധനാഢ്യനാകും" എന്നതായിരുന്നു. മറ്റൊന്ന് "എന്റെ മകൻ മുകേഷ് അംബാനിയെപ്പോലെ ഒരു ബിസിനസുകാരൻ ആകും". സഞ്ചാര ശുശ്രൂഷകരും ഭൗതിക വാഗ്ദത്തങ്ങൾ നൽകി അത്തരം സ്വപ്നങ്ങൾ കാണാൻ വിശ്വാസികളെ പ്രേരിപ്പിക്കുന്നു. അങ്ങനെയവർ ഉയരത്തിലുള്ളത് അന്വേഷിക്കുന്നതിന് പകരം ഭൂമിയിലുള്ളവയെ തന്നെ നിരീക്ഷിച്ച് അവയിലേക്ക് ആകൃഷ്ടരാകുന്നു. നമ്മുടെ ആത്മീയ ശുശ്രൂഷാ മണ്ഡലങ്ങളിൽ യേശുവിനെ ഉയർത്താതെ ഭൗതിക നന്മകളെക്കുറിച്ച് മാത്രം പറയുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. യേശുക്രിസ്തു പറഞ്ഞു, "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യ പുത്രനേയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 3:14-16). യോഹന്നാൻ 12:32ൽ യേശു ഇങ്ങനെ പറയുന്നു, "ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും". യേശുവിൽക്കൂടെയുള്ള നിത്യരാജ്യം എന്ന സ്വപ്നമായിരിക്കണം വിശ്വാസികൾ കാണേണ്ടത്.

ഭാരതത്തിന്റെ മണ്ണിൽ യേശുവിന്റെ പേരുപോലും അറിയാത്ത ജനകോടികൾക്ക് യേശുവിന്റെ നിത്യരാജ്യം എന്ന സ്വപ്നം കാണിക്കുക എന്ന താൽപര്യത്തോടു കൂടിയാണ് ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ 1990ൽ സ്ഥാപിതമായത്. ഞാൻ വളർന്നുകൊണ്ടിരുന്നപ്പോൾ എനിക്ക് ഒരുപിടി സ്വപ്നങ്ങൾ ഉണ്ടായിരുന്നു. എന്നാൽ, ദൈവരാജ്യത്തിന്റെ വ്യാപനം എന്ന വിശാലമായ ഒരു സ്വപ്നം കാണുവാൻ തുടങ്ങിയപ്പോൾ മറ്റ് സ്വപ്നങ്ങൾ ചെറുതായി തോന്നി. ആ സ്വപ്നം ഒരു ദൈവിക ദർശനമായി ഏറ്റെടുത്ത് "എന്തു വിലകൊടുത്തും സുവിശേഷവേല ചെയ്ത് യേശുവിനായി ആത്മാക്കളെ നേടും" എന്ന മിഷൻ സ്റ്റേറ്റ്മെന്റുമായി പ്രവർത്തിച്ചു തുടങ്ങി. എന്റെ ഈ സ്വപ്നം നെഞ്ചിലേറ്റി പ്രവർത്തിച്ച ചില സുവിശേഷകരെ കാലാകാലങ്ങളിൽ ലഭിച്ചത് വലിയ അനുഗ്രഹപ്രദമായിരുന്നു. ഡൽഹിയിൽ മാർച്ച് 13ന് ഐസിഎം വാർഷികത്തോടനുബന്ധിച്ചു നടന്ന സംയുക്താരാധനയിൽ എന്റെ കൂട്ടുസഹോദരൻ പാസ്റ്റർ ടി.ഡി. സുധാകരൻ 126-ാം സങ്കീർത്തനം വായിച്ച് സ്വപ്നം കാണുന്നവരെക്കുറിച്ച് പറഞ്ഞപ്പോൾ എന്റെ ഹൃദയം തുടിക്കുകയായിരുന്നു. ദൈവവുമായുള്ള നിത്യസമാഗമത്തിലേക്ക് മനുഷ്യനെ മടക്കി വരുത്തുന്ന സ്വപ്നമാണല്ലോ നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്നത്.

*-പാസ്റ്റർ എം. സാമുവൽകുട്ടി*

# വിഷാദ മനസിന്റെ വിലാപം

*(മൂന്നാം പേജിൽ നിന്നു തുടർച്ച)*

ച്ചിട്ടും അതിന്റെ കാരണം മനസ്സിലാക്കാൻ കഴിയുന്നില്ല. നാളിതുവരെയും വളരെ നേരോടും വിശ്വസ്തതയോടും മാത്രമാണ് ഇയ്യോബു നടന്നത്. എണ്ണപ്പെട്ട പാപങ്ങൾ ഒന്നും തന്നെ ഇയ്യോബിന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ജീവിതയാത്രയിൽ പിന്നിട്ട വഴിത്താരയിൽ എല്ലാം അവൻ ആരാഞ്ഞു നോക്കി. എന്നാൽ, ഇത്രമാത്രം വ്യഥ അനുഭവിക്കത്തക്ക കാരണങ്ങൾ ഒന്നും തന്നെ അവൻ കണ്ടില്ല. നിഷ്ക്കളങ്കനും, നേരുള്ളവനും ദോഷം വിട്ടകലുന്നവനും, ഭക്തനും എന്നത്രെ ദൈവം അവനെക്കുറിച്ചു സാക്ഷ്യം പറഞ്ഞത് (ഇയ്യോബ് 1:8). സഹോദരന്മാരെ രാപ്പകൽ കുറ്റം ചുമത്തുവാൻ വേണ്ടി മാത്രം കച്ചകെട്ടി ഇറങ്ങിനടക്കുന്ന ദുഷ്ടനായ സാത്താൻപോലും ഇയ്യോബിന്റെ ഭക്തിക്കു സാക്ഷ്യം പറഞ്ഞു (ഇയ്യോബ് 1:9). ഉപായ രൂപേണ ഉച്ചരിച്ച ഒരു കുത്തുവാക്കായിരുന്നു എങ്കിലും അതു ഇയ്യോബിനു എതിരെയുള്ള ആരോപണമായിരുന്നില്ല.

അകൃത്യവും കൃത്യവിലോപവും തുല്യ പ്രാധാന്യമുള്ള പാപങ്ങളാണ്. ചെയ്യരുതാത്ത പാപങ്ങൾ ചെയ്തുപോകുന്നതാണ് അകൃത്യം. ചെയ്യേണ്ടതായ കാര്യങ്ങൾ അവഗണിക്കുന്നതാണ് കൃത്യവിലോപം. ഈ രണ്ടു പാപങ്ങളും ഇയ്യോബിനു ഉണ്ടായിരുന്നില്ല. സാമാന്യ മനുഷ്യർ സാധാരണയായി വീണുപോകുന്ന തെറ്റുകളിൽ താൻ വീണുപോയില്ല എന്നുമാത്രമല്ല, തന്റെ സഹായം ആവശ്യമുള്ള സകല മനുഷ്യരേയും അവൻ പരിഗണിച്ചിരുന്നു. അനാഥരേയും വിധവമാരേയും ആലംബഹീനരേയും അവൻ പരിപോഷിപ്പിച്ചു. ആശയറ്റവർക്കും അശരണർക്കും തക്ക സമയത്തു അവർ സഹായം എത്തിച്ചുകൊടുത്തു.

സർവ്വ ജഗന്നിയന്ത്രാവായ സ്വർഗ്ഗസ്ഥനായ ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തേയും അവൻ ആരാധിച്ചിരുന്നില്ല. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ നമസ്ക്കരിച്ചുവന്ന ഒരു ദുഷ്ടതലമുറയിലാണ് ഇയ്യോബ് ജീവിച്ചത്. എന്നാൽ, ആകാശത്തിലെ സൂര്യനേയോ, ചന്ദ്രനേയോ, നക്ഷത്രങ്ങളേയോ മറ്റു യാതൊരു ദേവന്മാരേയോ ഇയ്യോബ് നമസ്ക്കരിച്ചിരുന്നില്ല. ഏകസത്യ ദൈവമായ യഹോവയെ മാത്രമാണ് അവൻ സേവിച്ചും വണങ്ങിയും വന്നത്. ഈ വിഷയത്തിൽ അവനോട് കൂട്ടായ്മ ആചരിപ്പാനും സഹകരിപ്പാനും ആ തലമുറയിൽ മറ്റാരും തന്നെ ഉണ്ടായിരുന്നില്ല എങ്കിലും അവൻ ഏകനായി വിശ്വാസത്തിലും ഭക്തിയിലും ഉറച്ചുനിന്നു. മതിയായ യാതൊരു കാരണവും ഇല്ലാതെ വേദന അനുഭവിക്കുമ്പോഴാണ് മനസ്സിന്റെ ശക്തി ക്ഷയിക്കുന്നത്. ഏതൊരു രോഗത്തിനും ചികിത്സ ചെയ്യുന്നതിന് മുന്നമേ, എന്തായിരുന്നു ഈ രോഗത്തിന് കാരണം എന്ന് അന്വേഷിക്കുന്നത് മനുഷ്യസഹജമാണ്. നാം അനുദിനം അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് കാരണം കാണാതെ വരുമ്പോൾ നാമും ചോദിക്കുന്നു, "വഴി മറഞ്ഞിരിക്കുന്ന പുരുഷനും ദൈവം നിരോധിച്ചിരിക്കുന്നവനും ജീവനെ കൊടുക്കുന്നത് എന്തിന്?"

# ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ...

*(ഒന്നാം പേജിൽ നിന്നു തുടർച്ച)*

ല്ലെന്ന് അദ്ദേഹം ധൈര്യപ്പെടുത്തി.

ആരംഭത്തിൽ തന്നെ അവസാനം അറിയുന്ന ആത്മാവിന്റെ ഒരുക്കത്തിൽ പ്രവർത്തിക്കുന്ന യേശുക്രിസ്തു ആണ് സഭയുടെ നായകൻ എങ്കിൽ സഭയ്ക്ക് ഒന്നും ഭയക്കാനില്ല എന്ന് പാസ്റ്റർ വി.എം. ഏബ്രഹാം മുഖ്യസന്ദേശത്തിൽ പ്രസ്താവിച്ചു. സാത്താന്റെ ഗോപുരങ്ങളെ തകർക്കാൻ യുദ്ധക്കളത്തിൽ സഭ പ്രതിരോധ ആയുധങ്ങൾ മാത്രം ധരിച്ച് ശത്രുവിന്റെ ആക്രമണത്തിനായി കാത്തുനിന്നാൽ പോരാ, മറിച്ച് ആക്രമണത്തിനായുള്ള ആയുധങ്ങൾ എടുത്ത് മുന്നേറണം. പ്രാർത്ഥന, ആരാധന, ദൈവവചനം, സാക്ഷ്യം എന്നീ ആയുധങ്ങൾ എടുത്ത് സാത്താനെ കടന്നാക്രമിച്ചാൽ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടേയും ഇടയിൽ ദൈവസഭ ഉയർന്നുവരും എന്ന് അദ്ദേഹം പറഞ്ഞു.

പാസ്റ്റർ എം. സാമുവൽകുട്ടി തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ ബിനോയി പി. ജോൺ, ബിനു ജോൺ, എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹായിച്ചു.

കിങ്ങ്സ്വേ ക്യാമ്പ്, ലാഡോ സരായി, കൽക്കാജി എഫ്.എഫ്.സി. സഭകളിലെ വിശ്വാസികൾ സംയുക്താരാധനയിൽ പങ്കെടുത്തു.

## വരിസംഖ്യ

**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

**എഡിറ്റോറിയൽ ബോർഡ്**

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ, പാസ്റ്റർ ബിജു ബഞ്ചമിൻ,
ജോൺ ടി. വർഗ്ഗീസ്, ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# വിഷാദ മനസ്സിന്റെ വിലാപം

**കെ. ജോയി**
ഡൽഹി

*“വഴി മറഞ്ഞിരിക്കുന്ന പുരുഷനും ദൈവം നിരോധിച്ചിരിക്കുന്നവനും ജീവനെ കൊടുക്കുന്നതെന്തിന്?” (ഇയ്യോബ് 3:23).*

നാം എല്ലായിപ്പോഴും സന്തോഷചിത്തരും പ്രസന്നവദനരും ആയിരിക്കണം എന്നത്രെ ദൈവം ആഗ്രഹിക്കുന്നത്. സന്തുഷ്ട മനസ്സിനെക്കാൾ ഭാഗ്യകരമായ അവസ്ഥ ഈ ഭൂമിയിൽ മറ്റൊന്നും തന്നെയില്ല. ഈ പദവി പണംകൊണ്ടു വാങ്ങാവുന്നതല്ല. മറ്റുള്ളവരുടെ സന്താപം മാറ്റി അവരെ സന്തുഷ്ടരാക്കുന്ന രീതി ഏറ്റവും മെച്ചമായ ഒരു സൽസ്വഭാവമാണ്. നമ്മുടെ കർത്താവു ലോകത്തിലേക്കുവന്നത് ഹൃദയം തകർന്നവരെ മുറിവു കെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്കു സ്വാതന്ത്ര്യവും നൽകുവാനാണ് (യെശയ്യാവ് 61:1,2). ദൈവമക്കളും പരസ്പരം ആശ്വാസം പകരേണ്ടവരാണ്. “എന്റെ ജനത്തെ ആശ്വസിപ്പിപ്പിൻ, ആശ്വസിപ്പിപ്പിൻ എന്നു നിങ്ങളുടെ ദൈവം അരുളിച്ചെയ്യുന്നു” (യെശയ്യാവ് 40:1). സന്തോഷ ത്തിന്റെ പാനപാത്രം നിറഞ്ഞുകവിയുവാനും അത് മറ്റുള്ളവരിലേക്കു ഒഴുകിചെല്ലുവാനും ഇടയാകട്ടെ! നിരാശയാലും ഇച്ഛാഭംഗത്താലും തലകുനിഞ്ഞിരിക്കുന്ന നിരവധി ആത്മാക്കളെ പ്രത്യാശയിലേക്കു നയിക്കുവാൻ ദൈവം നമ്മെ തന്റെ കരങ്ങളിൽ ഉപയോഗിക്കുമാറാകട്ടെ! ഈ സന്ദേശം വിഷണ്ണ മനസ്സുള്ളവർക്ക് ആശ്വാസം നൽകുവാനുള്ളതാണ്. ബലഹീനമായതിനെ ശക്തീകരിക്കയോ, ദീനം പിടിച്ചതിനെ ചികിത്സിക്കയോ, ഒടിഞ്ഞതിനെ മുറുവു കെട്ടുകയോ, ചിതറിപ്പോയതിനെ തിരിച്ചു വരുത്തുകയോ, കാണാതെ പോയതിനെ അന്വേഷിക്കയോ ചെയ്യാതെ കഠിനതയോടും ക്രൂരതയോടും കൂടെ ആടുകളെ ഭരിച്ച യിസ്രായേലിലെ ഇടയന്മാരെ ദൈവം ശാസിച്ചു (യെഹെസ്കേൽ 34:4); തൊണ്ണൂറ്റിയൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ചു, കാണാതെ പോയ ഒരു ആടിനു വേണ്ടി അന്വേഷിച്ചു ഇറങ്ങിയ നല്ല ഇടയന്റെ സൽസ്വഭാവം നമുക്കും അനുകരിക്കാം (ലൂക്കൊസ് 15:3-10).

കഷ്ടത എന്ന കഠിനശോധനയിലൂടെ കടന്നുപോയ ഒരു ദൈവദാസനായിരുന്നു ഇയ്യോബ്. തീവ്രമായ ശാരീരിക, മാനസ്സിക വേദനയിലൂടെ താൻ കടന്നുപോയപ്പോൾ, അവൻ ചോദിച്ച ചോദ്യമാണ് നമ്മുടെ കുറിവാക്യത്തിൽ കാണുന്നത്. വഴി മറഞ്ഞിരിക്കുന്ന പുരുഷനും ദൈവം നിരോധിച്ചിരിക്കുന്നവനും വെളിച്ചം കൊടുക്കുന്നതെന്തിന് എന്നത്രെ ശരിയായ പരിഭാഷ. ഈ വാക്യത്തിൽ ‘നിരോധിച്ചിരിക്കുന്ന’ എന്ന പദത്തിനു “കുറ്റിച്ചെടികൾകൊണ്ട് നാലുവശത്തും വേലി കെട്ടി അടച്ചിരിക്കുന്ന” എന്നത്രെ ശരിയായ അർത്ഥം. ദയവായി ഇംഗ്ലീഷിൽ ഈ വാക്യം കാണുക. അസഹനീയമായ വേദനമൂലം ഇയ്യോബിനു തന്റെ ജീവിതം തന്നെ ഒരു ശല്യമായി തീർന്നുപോയി. ദു:ഖത്തിന്മേൽ ദു:ഖം അനുഭവിക്കുന്ന ഒരുവനു വെളിച്ചം കാണുവാനുള്ള ജീവൻ നൽകിയത് എന്തിന് എന്നതത്രെ ഇയ്യോബിന്റെ ചോദ്യം. മുങ്ങിചാകുവാനായി ആഴമുള്ള നദിയിലേക്കു പോകുന്ന ഒരുവന് മഴയിൽ നിന്നു രക്ഷപെടുവാൻ കുടയുടെ ആവശ്യമില്ല. മരണത്തിന്റെ കുഴിയെ മാത്രം ലക്ഷ്യം ആക്കി യാത്ര ചെയ്യുന്ന ഒരുവന് തന്റെ വഴിയിൽ പ്രകാശം ആവശ്യമില്ല. അതികഠിനമായ കൂരിരുളിന്റെ താഴ്‌വരയിലൂടെ കടന്നുപോയ ഇയ്യോബിന്റെ അധരദ്വാരത്തിൽ നിന്നും ഇതുപോലെ നിരാശയുടെ ഒരു ചോദ്യം നിർഗ്ഗളിച്ചെങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. അവന്റെ സമ്പത്തു മുഴുവൻ നഷ്ടമായി, സന്തതികൾ നഷ്ടമായി. ശരീരമാസകലം പുണ്ണും വേദനയും വ്യാപിച്ചതിനാൽ മരണ ദു:ഖം അനുഭവിക്കയാണ്. തന്റെ അരുമസന്താനങ്ങളുടെ ആത്മീയ നിലവാരം ലവലേശം താണു പോകാതിരിപ്പാൻ അവൻ ശ്രദ്ധിച്ചിരുന്നതാണ്. താൻ മാർദ്ദവമായി തലോടുകയും ലാളിച്ചു വളർത്തുകയും ചെയ്തിരുന്ന തന്റെ ഓമന മക്കളാണ് ഒറ്റ നിമിഷംകൊണ്ടു മരിച്ചുപോയത്. തങ്ങളുടെ മൂത്ത സഹോദരന്റെ ഭവനത്തിൽ അവർ ഒത്തുചേർന്നു സന്തോഷത്തോടുകൂടി ഭക്ഷിച്ചു പാനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് ഈ വൻ വിപത്ത് അവർക്കുണ്ടായത്. ഇയ്യോബിന്റെ ശരീരത്തിലും അടിമുതൽ മുടിവരെ പരുക്കൾ ബാധിച്ചു. ഈ അവസ്ഥയിൽ ഇരിക്കുന്ന ഒരു മനുഷ്യനെ കണ്ടാൽ ആർക്കും സഹതാപം തോന്നും. ഇതുപോലെയുള്ള സാഹചര്യങ്ങൾ അഭിമുഖീകരിച്ച ചിലർ ക്ഷിപ്രകോപം കൊണ്ടു നിറയുകയും ദൈവത്തെ ത്യജിച്ചു കളയുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഇയ്യോബിന്റെ ദൈവഭക്തി നഷ്ടപ്പെട്ടില്ല. നമുക്കു സമസ്വഭാവമുള്ള ഇയ്യോബിന്റെ നിരാശയുടെ വാക്കുകൾ കേട്ടാൽ ഉടനെ ആരും അവനെ കല്ലെറിയുവാൻ തുടങ്ങരുത്. സ്വന്തം ഭാര്യയിൽ നിന്നുപോലും ഒരു ആശ്വാസവാക്കു ലഭിക്കാതിരുന്ന ഇയ്യോബ് കടന്നുപോയ താഴ്‌വരയിൽകൂടി നാം ആരെങ്കിലും കടന്നുപോയിരുന്നു എങ്കിൽ ഇതിനേക്കാൾ നിരാശാജനകമായ വാക്കുകൾ ഉച്ചരിക്കുമായിരുന്നില്ലേ? ദൈവഭക്തിയെ മുറുകെ പിടിച്ചു നിന്ന ഇയ്യോബിന്റെ ജീവിതാനുഭവങ്ങളിൽ നിന്നും നമുക്കു വളരെയേറെ ഗുണപാഠങ്ങൾ പഠിക്കുവാനുണ്ട്.

ഭൗമിക നന്മകളും ആത്മീയ അനുഗ്രഹങ്ങളും നമുക്കു ഈ ലോകത്തിൽ അനുഭവിക്കുവാൻ ഇടയാകുന്നുണ്ട്. എന്നാൽ, ഭൗതിക നന്മകൾ എല്ലാം തന്നെ നശ്വരവും കേവലം നിസ്സാരവുമാകുന്നു എന്നും നമ്മുടെ മുഴുശ്രദ്ധയും ആത്മീയ അനുഗ്രഹങ്ങളിലേക്കാണ് തിരിയേണ്ടത് എന്നുമുള്ള ഏറ്റവും വലിയ ഗുണപാഠമാണ് നമുക്കു ഇവിടെ നിന്നും ലഭിക്കുന്നത്. ധാരാളം സമ്പത്തുള്ള ആളുകൾ ഇന്നു ലോകത്തിലുണ്ട്. എന്നാൽ, അവരിൽ എത്രപേർക്കാണു മന:സമാധാനം ഉള്ളത് എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നിരാശയുടെ ഗർത്തത്തിൽ നിപതിക്കുമ്പോൾ തങ്ങളുടെ സകല സമ്പത്തിനോടും വെറുപ്പു തോന്നുന്ന ആളുകളുണ്ട്. ആകയാൽ പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ എന്ന ക്രിസ്തുവിന്റെ വചനങ്ങൾ ജീവിതത്തിൽ പ്രായോഗികമായിട്ടുള്ള ആരും തന്നെ നിരാശപ്പെടേണ്ടി വരികയില്ല (മത്തായി 6:19,20). കാലം ചുരുങ്ങിയിരിക്കുന്നു. ഇനി ഭാര്യമാർ ഉള്ളവർ ഇല്ലാത്തവരെപ്പോലെയും, കരയുന്നവർ കരയാത്തവരെപ്പോലെയും, സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും, വിലയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും, ലോകത്തെ അനുഭവിക്കുന്നവർ അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞു പോകുന്നതാണല്ലോ എന്ന പൗലൊസിന്റെ വാക്കു കൾ ഈ പശ്ചാത്തലത്തിൽ ചിന്തനീയമാണ് (1കൊരിന്ത്യർ 7:30,31).

ഈ ചോദ്യം ചോദിക്കുവാനുള്ള പശ്ചാത്തലം എന്തായിരുന്നു എന്നും, ഈ ചോദ്യത്തിന്റെ അർത്ഥം എന്താകുന്നു എന്നും, ഇതിന്റെ ഉത്തരം എന്താണെന്നും നമുക്ക് തുടർന്നു ചിന്തിക്കാം. തികഞ്ഞ വിഷാദത്തിലും മ്ലാനതയിലും ജീവിക്കുവാൻ ദൈവം മനുഷ്യനെ അനുവദിക്കുന്നത് എന്തുകൊണ്ടാണ്? ഭീകരമായ വിപത്തും വിഷാദവും വരും മുമ്പേ മനുഷ്യനെ സംഹരിക്കുന്നതല്ലേ നല്ലതു എന്നു നമുക്കു തോന്നുന്നു. മനുഷ്യൻ സന്താപ സാഗരത്തിൽ മുങ്ങുമ്പോൾ, രാത്രികളിൽ അവനു സ്വസ്ഥത ഇല്ലാതെയാകുമ്പോൾ, യാതൊരുവിധ പ്രത്യാശയും ഇല്ലാതെ വരുമ്പോൾ തികച്ചും ഭയാനകമായ കൂരിരുളും താഴ്‌വരകളും മാത്രം മുന്നിൽ കാണുമ്പോൾ, മനുഷ്യൻ ചോദിക്കുന്നു, ഈ ജീവിതം എന്തിന്? പരാതിയും പിറുപിറുപ്പും വർദ്ധിക്കുമ്പോൾ, മനുഷ്യൻ നിരാശയിലും ക്ഷിപ്രകോപത്തിലും ചോദിച്ചു പോകുന്നു. ഈ ജീവിതം അവസാനിപ്പിക്കുന്നതല്ലേ നല്ലത്?

മനുഷ്യൻ ചെയ്യുന്ന തെറ്റുകൾക്കു ന്യായമായ ശിക്ഷ ലഭിക്കുന്നു എങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. എന്നാൽ യാതൊരു തെറ്റും ചെയ്യാതെ ദു:ഖം അനുഭവിക്കുമ്പോഴാണ് മനുഷ്യൻ തളർന്നുപോകുന്നത്. എന്താണ് ഈ വ്യസനങ്ങൾക്ക് കാരണം എന്ന് അവൻ സ്വയം ചോദിക്കുന്നു. എന്നാൽ, ഉത്തരം ലഭിക്കുന്നില്ല. അവന്റെ വഴി മറഞ്ഞിരിക്കുന്നു. എത്ര ചിന്തി

(ശേഷം രണ്ടാം പേജിൽ)

*പ്രശസ്ത സുവിശേഷകനും വേദാദ്ധ്യാപകനുമായ പാസ്റ്റർ കെ. ജോയിയുടെ ‘വിശുദ്ധന്മാരുടെ കഷ്ടതകൾ’ എന്ന പുസ്തകത്തിൽ നിന്നും എടുത്തത്*

## ഹാർവെസ്റ്റ് മിഷൻ കോളജിന്റെ...

(ഒന്നാം പേജിൽ നിന്നു തുടർച്ച)

ടുത്തി എടുക്കുവാൻ കഴിഞ്ഞുകൊണ്ടിരിക്കുന്നു എന്ന് കൃതാർത്ഥതയോടെ ഓർപ്പിച്ചു. ആദ്യ നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരിൽ കൂടി അത്ഭുതങ്ങളും അടയാളങ്ങളും വീര്യ പ്രവർത്തികളും ചെയ്തെടുത്തതുപോലെ ഈ യൗവനക്കാരെയും അന്ത്യകാല ശുശ്രൂഷയ്ക്കായ് ദൈവം ഉപയോഗിക്കട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

തുടർന്ന് പാസ്റ്റർ സണ്ണി കുര്യൻ (കേരളം) ബിരുദധാരികൾക്ക് ആശംസ അറിയിച്ചു. ശേഷം റവ. മാർട്ടിൻ ഫെസ്റ്റ്ലർ (മോസ്കോ), ഡോ. ആൻ മോണ്ടായ് (യു.എസ്.എ) ഈ ശുശ്രൂഷയിൽ മുഖ്യ പ്രസംഗകരായിരുന്നു. സുദീർഘമായ വർഷങ്ങളിലെ ശുശ്രൂഷ അനുഭവ സമ്പത്തും യേശുക്രിസ്തുവിന്റെ അന്ത്യ കൽപ്പനയും അതിന്റെ നിവർത്തീകരണത്തിന്റെ ആവശ്യകതയും തങ്ങളുടെ പ്രസംഗത്തിൽ അവർ ഉദ്ബോധിപ്പിച്ചു. പ്രഭാഷണത്തെ തുടർന്ന്, B.Th, M.Div പഠനം പൂർത്തീകരിച്ചവർക്ക് ഡയറക്ടർ റവ. ബാബു ജോൺ സാക്ഷ്യ പത്രവും പാരിതോഷികവും വിതരണം ചെയ്തു. തുടർന്ന് റവ. ബിജു ജോൺ പ്രാർത്ഥിച്ച് ആശീർവാദത്തോടു കൂടി ബിരുദദാന ശുശ്രൂഷയ്ക്ക് തിരശ്ശീല വീണു.

കഴിഞ്ഞ ഒരു ദശാബ്ദമായി ഉത്തര ഭാരതത്തിലെ സുവിശേഷ പ്രവർത്തനത്തിനായ് ഒരു കൂട്ടം യുവതി യുവാക്കളെ വാർത്തെടുക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. പഠനാന്തരം വിവിധ സംസ്ഥാനങ്ങളിൽ എച്ച്.എം.സിയോട് ചേർന്ന് പ്രവർത്തിക്കുവാൻ ഇവിടുത്തെ പഠിതാക്കൾക്ക് അവസരം നൽകുന്നു. B.Th, M.Div (External, Internal) ക്ലാസ്സുകൾക്കും മറ്റ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കായി സായാഹ്ന ക്ലാസ്സുകളും നടത്തപ്പെടുന്നു. പുതിയ അധ്യയന വർഷത്തിലേക്കുള്ള ക്ലാസ്സുകളിൽ പ്രവേശനം തുടങ്ങി കഴിഞ്ഞു. ജൂൺ 25ന് ക്ലാസ്സുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0120-6417828, 2550213, 9811373357, 9891223442 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## സ്വപ്നം യാഥാർത്ഥമാക്കുന്ന ദൈവം

(നാലാം പേജിൽ നിന്നു തുടർച്ച)

കോരശിന്റെ മനസ്സിനെ ഉണർത്തി തന്റെ ജനത്തെ ബാബിലോന്യ ശക്തിയിൽ നിന്നും വിടുവിച്ച് സ്വന്ത ദേശത്തേയ്ക്കു കൊണ്ടുവന്നു (എസ്രാ 1:1). പ്രവാസത്തിൽ നിന്നും മടങ്ങി വന്ന ജനത്തിന് അവരുടെ വിടുതൽ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവർ സ്വപ്നം കാണുന്നവരെപോലെ ആയിരുന്നു. സാഹചര്യങ്ങളും സാദ്ധ്യതകളും പ്രതികൂലമെങ്കിലും ദൈവം അവർക്കുവേണ്ടി അത്ഭുതം ചെയ്തു. പൗലൊസ് അപ്പൊസ്തലൻ പറയുന്നു, ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആർ? (റോമർ 8:31).

കഴിഞ്ഞ 21 വർഷം ദൈവം ഐ.സി.എമ്മിനേയും അതിന്റെ പ്രവർത്തനങ്ങളേയും അത്ഭുതകരമായി നടത്തി. ദൈവം തന്റെ ദാസനായ പാസ്റ്റർ എം. സാമുവൽകുട്ടിക്ക് ദർശനം നൽകി, ആ ദർശന പ്രകാരം കഴിഞ്ഞ 21 വർഷം പിന്നിടുവാൻ ദൈവം സഹായിച്ചു. ഇന്ന് ചോദിച്ചാൽ അദ്ദേഹത്തിന് പറയുവാൻ കഴിയും. “ഞാൻ സ്വപ്നം കാണുന്നവനെപ്പോലെയാണ്. കാരണം, 6 മാസംകൊണ്ട് ഈ പ്രവർത്തനം തകർന്ന് പോകും എന്ന് പറഞ്ഞവരുടെ മദ്ധ്യത്തിൽ ദൈവം കഴിഞ്ഞ 21 വർഷം അത്ഭുതകരമായി നടത്തി. ആ ദൈവം ഇനിയും നടത്തുവാൻ ശക്തനാണ്”. ആ ദൈവകരങ്ങളിൽ വീണ്ടും നമ്മെ സമർപ്പിക്കാം.

## ഡിവൈൻ ഹാർവെസ്റ്റ് ഫെസ്റ്റ് 2011

**21 ദിവസത്തെ ഉപവാസ പ്രാർത്ഥനയും വിടുതലിൻ ശുശ്രൂഷയും**

**സ്ഥലം: കൈതപറമ്പ്, നിരപ്പിൽ പടി, വള്ളിവിള ഭവനാങ്കണം**

**തീയതി: 2011 മെയ് 16 മുതൽ ജൂൺ 5 വരെ**

**സമയം: എല്ലാ ദിവസവും രാവിലെ 9.30 മുതൽ രാത്രി 9.30 വരെ**

✶ ഈ കാലഘട്ടങ്ങളിൽ ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന കൃപാവരപ്രാപ്തരായ ദൈവദാസന്മാർ വിവിധ യോഗങ്ങളിൽ ദൈവവചനം ശുശ്രൂഷിക്കും

*കൂടുതൽ വിവരങ്ങൾക്ക്:*

പാസ്റ്റർ ജോസ് സാമുവൽ (ന്യൂഡൽഹി) 09645808125, പാസ്റ്റർ കെ. ജെ. ബിനോയി (കൈതപറമ്പ്) 04734-244791

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.DL 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

# സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ദൈവം

പാസ്റ്റർ ടി.ഡി. സുധാകരൻ
ന്യൂഡൽഹി

യിസ്രായേലിന്റെ ദൈവം തന്റെ ജനത്തിനുവേണ്ടി അത്ഭുതം ചെയ്യുന്ന ദൈവമാണ്. പലപ്പോഴും തങ്ങൾക്ക് ചിന്തിക്കുവാനും വിശ്വസിക്കുവാനും കഴിയാത്ത വിധത്തിലായിരുന്നു ദൈവം അവരെ വഴി നടത്തിയത്. തങ്ങളുടെ മരുഭൂയാത്രയിൽ പുറകോട്ട് നോക്കുമ്പോൾ പലപ്പോഴും അവർ സ്വപ്നം കാണുന്നവരെപ്പോലെയായിരുന്നു. അവരുടെ ജീവിതത്തിൽ വിശ്വസിക്കുവാൻ കഴിയാത്ത അത്ഭുതങ്ങൾ ദൈവം അവർക്ക് വേണ്ടി ചെയ്തു. 420 വർഷം അവരെ ഞെരുക്കുകയും അടിമ വേല ചെയ്യിക്കുകയും ചെയ്ത മിസ്രയീമ്യ അടിമത്വത്തിൽ നിന്നും ദൈവം അവരെ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു വിടുവിച്ച് പാലും തേനും ഒഴുകുന്ന വാഗ്ദത്ത ദേശത്തേയ്ക്ക് വഴി നടത്തി. അന്ന് അവർ സ്വപ്നം കാണുന്നവരെപ്പോലെ യാത്രചെയ്തു. അന്ന് അവർ പാടി, യഹോവേ, ദേവന്മാരിൽ നിനക്ക് തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനേ നിനക്ക് തുല്യൻ ആർ? (പുറപ്പാട് 15:11). അതേ, യിസ്രായേലിന്റെ ദൈവത്തിന് തുല്യനായ് ആരും ഇല്ല.

നീണ്ട 40 വർഷം ദൈവം അവരെ മരുഭൂമിയിൽ വഴിനടത്തി, അവർ വാഗ്ദത്തദേശത്തിന്റെ ഇക്കരെ എത്തി. എന്നാൽ, അവർ ധർമ്മസങ്കടത്തിലായി. അവർക്കു മുമ്പിൽ കുലംകുത്തി ഒഴുകുന്ന യോർദ്ദാൻ നദി. ശീതകാലത്തും ഉഷ്ണകാലത്തും നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന നദിയാണ് യോർദ്ദാൻ. എന്നാൽ, നിയമപ്പെട്ടകം ചുമക്കുന്ന പുരോഹിതന്മാരുടെ ഉള്ളങ്കാലുകൾക്ക് മുമ്പിൽ അതിന്റെ ശക്തി ക്ഷയിച്ചു. യോർദ്ദാൻ നദിയിലെ വെള്ളം രണ്ടായി പിരിഞ്ഞു (യോശുവ 3:13). ഉണങ്ങിയ നിലത്തുകൂടെ ജനം യോർദ്ദാൻ കടന്നുപോയി. നിയമ പുസ്തകം എടുത്ത് യാത്ര ചെയ്യുന്ന ദൈവ ജനത്തിന്റെ നന്മകൾക്ക് വിരോധമായി ഒഴുകുന്ന യോർദ്ദാന്റെ ശക്തിയെ ദൈവം തകർത്തു കളയും. യിസ്രായേൽ ജനത്തിന്റെ യാത്രയിൽ അനവധി പ്രതിസന്ധികൾ കടന്നുവന്നപ്പോഴെയല്ലാം ദൈവം അവർക്ക് വേണ്ടി അത്ഭുതങ്ങൾ ചെയ്തു.

അപ്പൊസ്തല പ്രവൃത്തികൾ പഠിക്കുമ്പോൾ പത്രൊസിനെ തകർത്തു കളയുവാൻ ഹെരോദാവ് പദ്ധതി ഒരുക്കി. കാരാഗൃഹത്തിൽ രണ്ടു ചങ്ങലകളാൽ ബന്ധിതനായി. എന്നാൽ, ദൈവം തന്റെ ദൂതനെ തന്റെ ഭക്തനുവേണ്ടി അയച്ചു. അവന്റെ ചങ്ങലകൾ അഴിഞ്ഞുപോയി, അവൻ ഒന്നാം കാവലും രണ്ടാമത്തേതും കടന്നു പട്ടണത്തിൽ ചെല്ലുന്ന ഇരുമ്പു വാതിലും അവർക്ക് സ്വതവേ തുറന്നു. പത്രൊസ് പറയുന്നു, എനിക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല. താൻ ദർശനം കാണുന്നു എന്ന് നിരൂപിച്ചു. ദൈവനാമത്തിന് വേണ്ടി ഇറങ്ങി തിരിച്ച ദൈവപൈതലേ, ദൈവിക ദർശനപ്രകാരം മുമ്പോട്ട് പോക.

> പ്രവാസത്തിൽ നിന്നും മടങ്ങി വന്ന ജനത്തിന് അവരുടെ വിടുതൽ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവർ സ്വപ്നം കാണുന്നവരെപ്പോലെ ആയിരുന്നു. സാഹചര്യങ്ങളും ബുദ്ധിമുട്ടുകളും പ്രതികൂലമെങ്കിലും ദൈവം അവർക്കു വേണ്ടി അത്ഭുതം ചെയ്തു.

നിന്നെ തകർക്കുവാൻ ശ്രമിക്കുന്ന ശത്രുവിന്റെമേൽ ദൈവം ജയം നൽകും.

ഇവിടെ ബാബിലോന്യ അടിമത്വത്തിൽ ആയിരുന്ന ജനത്തിന് യിരെമ്യാ പ്രവാചകനിൽ കൂടി ദൈവം അവർക്ക് വാഗ്ദത്തം കൊടുത്തു. ബാബിലോണിലെ 70 വർഷങ്ങൾക്ക് ശേഷം ഞാൻ നിങ്ങളെ സ്വന്ത നാട്ടിലേക്ക് മടക്കി വരുത്തും (യിരെമ്യാവ് 29:10). കാലങ്ങൾ കഴിഞ്ഞുപോയി. ദൈവിക വാഗ്ദത്തത്തിന്റെ നാളുകൾ അടുത്തു. എന്നാൽ, അവരുടെ ജീവിതത്തിൽ വിടുതലിന്റെ യാതൊരു ലക്ഷണവും അവർക്ക് കാണുവാൻ കഴിഞ്ഞില്ല. സാഹചര്യങ്ങൾ എല്ലാം പ്രതികൂലം. ഏഴ് രഥങ്ങൾക്ക് ഒന്നിച്ച് സഞ്ചരിക്കുവാൻ തക്ക വീതിയുള്ളതും ഉയർന്നതുമായിരുന്നു ബാബിലോന്യ കോട്ട. കോട്ടയ്ക്ക് ചുറ്റും യൂഫ്രട്ടീസ് നദിയിൽ നിന്നുള്ള വെള്ളത്താൽ നിറയപ്പെട്ട വലിയ കിടങ്ങുകൾ. ഇതിൽ നിന്നും രക്ഷപ്പെടുവാൻ അവർ ഒരു സാദ്ധ്യതയും കണ്ടില്ല. ഈ സാഹചര്യത്തിൽ അവർ ദൈവത്തോട് നിലവിളിച്ചു, അവർ പരിഭവപ്പെട്ടു. എന്നാൽ, ദൈവം അവർക്ക് വേണ്ടി അവിടെയും അത്ഭുതം ചെയ്തു. ഒറ്റ രാത്രി കൊണ്ട് ദൈവം ബാബിലോന്യ ശക്തിയെ തകർത്തു കളഞ്ഞു. രാജ്യം മേദ്യ-പാർസി രാജാക്കന്മാർക്ക് കൊടുത്തു (ദാനിയേൽ 5:30). ദൈവം പാർസി രാജാവായ

(ശേഷം മൂന്നാം പേജിൽ)

## Greater Delhi Pentecostal Fellowship

We are delighted to inform you that we had a blessed meeting of the leader's and Pastor's of the Delhi Pentecostal Fellowship on 24th March, 2011, at Neb Sarai. There was a consensus decision on the following issues:

1. To rename Delhi Pentecostal Fellowship(DPF) as Greater Delhi Pentecostal Fellowship and register the same
2. To elect and incorporate new committee members into GDPF so that the movement is revitalised.
3. To discuss on ways and means to help churches and Pastor's during times of distress or need.
4. To discuss and decide on action plan for the spiritual upliftment of the churches.
5. Update on the status of the cells construction to be provided by the cemetery committee.

Keeping the above points as the agenda the next GDPF meeting will be convened on **25th April, 2011 at, 10 am, at IPCNR Headquarters, 14, Bhai Vir Singh Marg, New Delhi**. Please make it convenient to attend this important meeting and also encourage the pastor's in your area to attend the same.

**P.S.** ***14, Bhai Vir Singh Marg, is between Gole Dakhana and Gole Market. Please contact 011-23346318 or 23366125 in case you need directions to the venue.***

## ശിഷ്യത്വത്തിന്റെ മാനദണ്ഡം

പാസ്റ്റർ ബിജു ബഞ്ചമിൻ
അടൂർ

ഒരിക്കൽ ഒരാൾ തത്വചിന്തകനായ സോക്രട്ടീസിനോട് ഒരു ചോദ്യം ചോദിച്ചു. ശിഷ്യന്മാരെ തെരഞ്ഞെടുക്കുവാൻ അങ്ങയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? അങ്ങയുടെ അരികിൽ ശിഷ്യന്മാരാകാൻ വരുന്ന ഏവരോടും അടുത്തുള്ള കുളത്തിൽ പോയി നോക്കുവാനും എന്താണ് കാണുന്നതെന്ന് വിവരിക്കുവാനും അങ്ങ് ആവശ്യപ്പെടുന്നത് എന്തിന് വേണ്ടിയാണ് ". സേക്രട്ടീസ് മറുപടി പറഞ്ഞത്, "കുളത്തിൽ മത്സ്യങ്ങളെ കാണുന്നു എന്ന് പറയുന്ന ഏവരെയും എന്റെ ശിഷ്യരായി അംഗീകരിപ്പാൻ ഞാൻ തയ്യാറാണ്. പക്ഷെ കുളത്തിൽ തങ്ങളുടെ പ്രതിച്ഛായ മാത്രം കാണുന്നവർ സ്വാർത്ഥരും അഹംഭാവികളുമാണ്. അവരെ എനിക്ക് ആവശ്യമില്ല."

ഈ പത്രിക നിങ്ങളുടെ കൈയ്യിൽ ലഭിക്കുമ്പോഴേക്കും നമ്മുടെ നാട് മറ്റൊരു തിരഞ്ഞെടുപ്പിന് സാക്ഷ്യം വഹിച്ചു കഴിഞ്ഞിരിക്കും. ഈ ലേഖനം ഞാൻ എഴുതുമ്പോൾ കേരളം രാഷ്ട്രീയത്തിന്റെ കൊടും ചൂടിലാണ്. വാഗ്ദാന സമൃദ്ധമായ പ്രകടന പത്രികകൾ ഇറക്കി ജനഹൃദയങ്ങളുടെ അംഗീകാരം നേടിയെടുക്കാൻ പരക്കം പായുന്ന ബഹു മുന്നണികൾ. ഭരണ മുന്നേറ്റങ്ങളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്ന രാഷ്ട്രീയ പാർട്ടികൾ. ആവേശം നിറഞ്ഞ അണികളുടെ അനിതരസാധാരണമായ അണിയറ പ്രവർത്തനം. രാഷ്ട്രീയ നിരീക്ഷകരുടെ കുറ്റമറ്റ വിലയിരുത്തലുകൾ. മാധ്യമങ്ങൾക്ക് അണപൊട്ടിയൊഴുകുന്ന പുതുപുത്തൻ വാർത്തകളുടെ വസന്തകാലം. കള്ളപ്പണവും വെള്ളപ്പണവും തിരിച്ചറിയപ്പെടാതെ ഉന്മാദ നൃത്തം ചവിട്ടുന്ന ഉത്സവകാലം. നിയമ നിർമാണ സഭയുടെ പടിവാതിലിൽക്കൂടി ഉള്ളിൽ പ്രവേശിച്ചജയ്യരായിത്തീരുവാനുള്ള അടങ്ങാത്ത അഭിവാഞ്ച നിറഞ്ഞ നേതൃഗണം. ഇതൊക്കെയല്ലേ ഇന്നിന്റെ തിരഞ്ഞെടുപ്പ് ചിത്രങ്ങൾ. ഈ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുവാൻ നാം സ്വീകരിച്ച മാനദണ്ഡങ്ങൾ ഏതൊക്കെയാണെന്ന് നമുക്കൊന്ന് വിലയിരുത്തി നോക്കാം. കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് പ്രതികരിക്കുവാൻ നമുക്ക് എത്ര മാത്രം സാധിച്ചിട്ടുണ്ട് എന്ന് അപ്പോൾ നമുക്ക് തിരിച്ചറിയുവാൻ കഴിയും.

നമ്മുടെ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾ അനവധിയാണ്. സാമൂഹികമായ തിന്മകളാണ് അവയുടെ അടിസ്ഥാനം. മനുഷ്യൻ ഇന്ന് ഒരു സമൂഹിക ജീവി അല്ലാതെയായിരിക്കുന്നു. സ്വാർത്ഥത മാത്രം കൈമുതലാവുമ്പോൾ മനുഷ്യത്തപരമായ നന്മകൾ അവന് അന്യം വരുന്നു. ഗാന്ധിജിയുടെ വാക്കുകളിൽ ഇപ്രകാരമുള്ള സാമൂഹിക തിന്മകളാണ് സംസ്കാരത്തിനും വളർച്ചയ്ക്കും വിരുദ്ധമായ തമോശക്തികളായി നിലനിൽക്കുന്നത്. അവയിൽ പ്രധാനമായത് വേല കൂടാതെയുള്ള സമ്പത്താണ്. ഒരു വിഭാഗം മനുഷ്യർ പകലന്തിയോളം അദ്ധ്വാനിച്ചിട്ടും ജീവിത സന്ധാരണത്തിനുള്ള വക തികയാതെ കഷ്ടപ്പെടുമ്പോൾ വേല ചെയ്യാത്ത കരങ്ങളിൽ സമ്പത്ത് കുന്ന് കൂടുകയാണ്. ന്യൂനപക്ഷം സമ്പത്ത് വർദ്ധിപ്പിക്കുമ്പോൾ ഭൂരിപക്ഷം ദാരിദ്ര്യത്തിന്റെ വക്കിലേക്ക് വഴുതി വീഴുകയാണ്. പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള വിടവ് വർദ്ധിക്കുന്നു. നിലവിലുള്ള ഘടനാത്മകമായ വ്യവസ്ഥിതികളാണ് ഇതിന് കാരണം. രണ്ടാമത്തെ പ്രശ്നം മനസ്സാക്ഷി കൂടാതെയുള്ള വിനോദങ്ങളും വിഷയ സുഖങ്ങളുമാണ്. മനുഷ്യന്റെ വിനോദങ്ങൾക്ക് ബലിയാടാകേണ്ടി വരുന്നത് സഹജീവികളായ മനുഷ്യരും പ്രപഞ്ചവുമാണ്. മനുഷ്യന്റെ സുഖഭോഗങ്ങളുടെ പൂരണത്തിനായി പ്രകൃതി വിഭവങ്ങൾ നശിപ്പിച്ചു മുന്നേറുന്ന നരകുലവും പ്രപഞ്ചവും നാശത്തിലേക്കാണ് ചുവടുകൾ വയ്ക്കുന്നത്. ഇനിയും മരിക്കാത്ത ഭൂമി, നിന്നാസന്ന മൃതിയിൽ നിനക്കാത്മ ശാന്തി എന്ന് ഒ. എൻ. വി പാടിയത് എത്ര സത്യമാണ്.

സ്വഭാവശുദ്ധിയില്ലാത്ത ജ്ഞാനം മറ്റൊരു ആശയും ആവേശവും വിതർക്ക വിഷയമാണ്. മനുഷ്യൻ എല്ലാ മേഖലകളിലും വിജ്ഞാനം വാരിക്കൂട്ടുന്നെങ്കിലും അതിനോട് കൂട്ടായി നിൽക്കുവാൻ അവന്റെ സ്വഭാവം പരാജയപ്പെടുന്നു. മൃഗങ്ങൾ പോലും ചെയ്യുവാനറക്കുന്ന കാര്യങ്ങളാണ് മനുഷ്യർ ചെയ്യുന്നത്. തുടർന്നു വരുന്ന തിന്മ ധാർമ്മിക ബോധമില്ലാത്ത കച്ചവട തന്ത്രയാണ്. ഏതു മനുഷ്യന്റെയും ഏതൊരു പ്രവർത്തിയും ഏതു വിധത്തിലും ഏതു സ്ഥലത്തും ഏതു നേരത്തിലും കച്ചവടം നടത്തുവാൻ വെമ്പൽ കൊള്ളുന്ന പുത്തൻ ഉദാരവൽക്കരണ നയങ്ങൾ മനുഷ്യരെ കച്ചവടച്ചരക്കുകളായി കാണുന്നു. വിദ്യാഭ്യാസവും, ആരോഗ്യവും, പൊതുമേഖലയും വിറ്റഴിക്കപ്പെടുമ്പോൾ ചിറകരിയപ്പെടുന്നത് സാധാരണക്കാരന്റെ ചിരകാല സ്വപ്നങ്ങളാണ്. അപ്രകാരം തന്നെയാണ് മാനവികത തൊട്ടു തീണ്ടാത്ത ശാസ്ത്രം ചെയ്യുന്നത്. അത് മനുഷ്യന് നന്മയല്ല തിന്മയാണ് പകരം നൽകുന്നത്. ഇതുപോലെ തന്നെ പ്രധാനമർഹിക്കുന്ന രണ്ട് മേഖലകളാണ് ത്യാഗം ഇല്ലാത്ത മത ചിന്തയും തത്വ ബോധമില്ലാത്ത രാഷ്ടീയവും. മതം മനുഷ്യരെ അടുപ്പിക്കുന്നതിനേക്കാൾ അകറ്റുവൻ വെമ്പൽ കൊള്ളുന്നു. തത്വവും പ്രമാണവുവില്ലാത്ത രാഷ്ടീയം രാജ്യങ്ങളെ അപകടത്തിലേക്ക് തള്ളിയിടുന്നു.

ഇവിടെയാണ് നമ്മുടെ മനസ്സും ചിന്തയും ഉണർന്ന് പ്രവർത്തിക്കേണ്ടത്. ഈ വിധ യാഥാർത്ഥ്യങ്ങളെ കണ്ടില്ലെന്ന് നടിക്കുവാൻ നമുക്കാവുമേ? തെരഞ്ഞടുക്കുവാനുള്ള പൗരാവകാശം ഭംഗിയായി ഉപയോഗിക്കുന്ന നമുക്ക് ഇങ്ങനെയുള്ള പ്രശ്നങ്ങൽ വിലയിരുത്തുവാനും പ്രതികരിക്കുവാനും എന്തേ കഴിയാതെ പോകുന്നു?. വേദപുസ്തകം പരിചയപ്പെടുത്തുന്ന ദൈവം നീതിയുടെയും സത്യത്തിന്റെയും സമാധാനത്തിന്റെയും ദൈവമാണ്. നമ്മുടെ നീതി ബോധവും പ്രതികരണശേഷിയും നാലുചുവരുകൾക്കുള്ളിലെ ആരവാരങ്ങളിലും പരിമിതമായ അനുഭവങ്ങളിലും മാത്രം ഒതുങ്ങാതെ നീതി നിരതമായ പോരാട്ടത്തിന്റെ പടധ്വനി മുഴക്കുവാൻ സദാ നമുക്ക് കർമ്മോത്സുകരാകാം, ക്രിസ്തുവിന്റെ പാതയിലൂടെ. നമ്മെ മാത്രല്ല ഈ പ്രപഞ്ചത്തെയും നമുക്ക് തിരിച്ചറിഞ്ഞ് ജീവിക്കാം. അപ്പോഴാണ് യഥാത്ഥ ശിഷ്യത്വം തിരഞ്ഞെടുക്കുന്നവരായി നാം മാറുന്നത്.